(ഡി) അന്യസംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷവഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നുണ്ട്. കേരളത്തിൽ നിലവിലില്ലാത്ത കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്.

പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും പരിപാടി

29 (*599) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ 'ഗദ്ദിക' സംഘടിപ്പിക്കുന്നത് ;

(സി) ഇതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത് ;

(ഡി) 'ഗദ്ദിക' യിൽ ടൂറിസ്റ്റുകളുടെ പങ്കാളിത്തം ഉണ്ടാകുന്നതിന് ടൂറിസം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ;

(ഇ) കേരളത്തിന് പുറത്ത് ആദിവാസികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം നടത്തുന്നതിന് സഹായം നൽകുമോ ;

(എഫ്) പട്ടികവിഭാഗക്കാരിലെ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി 'ഗദ്ദിക' എന്ന പേരിൽ നാടൻകലാമേള/പ്രദർശന വിപണനമേള പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. കൂടാതെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന അഖിലേന്ത്യാ പ്രദർശന വിപണന മേളയിലും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) 2006-07-ൽ പാലക്കാട്, എറണാകുളം ജില്ലകളിലും 2007-2008-ൽ തലശ്ശേരി, തൃശ്ശൂർ എന്നിവിടങ്ങളിലും 2008-09-ൽ വടകര, കോട്ടയം എന്നിവിടങ്ങളിലും 2009-10-ൽ പെരിന്തൽമണ്ണ, പത്തനംതിട്ട എന്നിവിടങ്ങളിലും 'ഗദ്ദിക'സംഘടിപ്പിച്ചിട്ടുണ്ട്. 2010-11 വർഷം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ 'ഗദ്ദിക' സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) വിപണനമേളയിൽ പങ്കെടുക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട വ്യക്തികൾ, സംഘടനകൾ, കുടുംബശ്രീകൾ, അയൽക്കൂട്ടങ്ങൾ, സൊസൈറ്റികൾ എന്നിവയ്ക്ക് അവയുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുംവേണ്ടി താൽക്കാലികമായി സ്റ്റാളുകൾ നിർമ്മിച്ചുനൽകുകയും മേളയിലേക്ക് ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നതിനും വിൽക്കാതെ മിച്ചം വരുന്ന സാധനങ്ങൾ തിരികെ കൊണ്ടുപോകുന്നതിനും ആവശ്യമായ യാത്രാബത്തയും നൽകുന്നുണ്ട്. ഓരോ സ്റ്റാളിലും വിപണനത്തിനായി നിൽക്കുന്ന രണ്ടുപേർക്ക് 125 രൂപ നിരക്കിൽ ആകെ 250 രൂപ ദിനബത്തയായി നൽകുന്നുണ്ട്. മേള നടക്കുന്ന 8 ദിവസങ്ങളിലും ഇവർക്ക് സൗജന്യമായി ഭക്ഷണവും നൽകുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) പട്ടികവർഗ്ഗ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് ശേഖരിച്ച് എല്ലാ വർഷവും ഡൽഹിയിൽ വച്ച് നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്.

(എഫ്) പട്ടികവിഭാഗത്തിലെ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് വെള്ളായണിയിൽ ശ്രീ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളിൽനിന്നും അന്തർദ്ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹനമായി 10000 രൂപയും ദേശീയ-കായിക മത്സരങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടിയവർക്ക് യഥാക്രമം 5000, 3000, 2000 രൂപാ നിരക്കിലും, സംസ്ഥാനതല മത്സരങ്ങളിൽ മെഡലുകൾ നേടുന്നവർക്ക് യഥാക്രമം 3000, 2000, 1000 രൂപാ നിരക്കിലും ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്.